**"CORRUPTION, A CRIME AGAINST NATION"**


വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം. 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393


തീയതി. 15.01.2026

# തലശ്ശേരി വിജിലൻസ് കോടതി പബ്ലിക്ക് പ്രോസിക്യൂട്ടറുടെ ഓഫീസ് ഉദ്ഘാടനം വിജിലൻസ് ഡയറക്ടർ ശ്രീ മനോജ് എബ്രഹാം ഐ.പി.എസ് നിർവ്വഹിച്ചു.

തലശ്ശേരി വിജിലൻസ് കോടതി പബ്ലിക് പ്രോസിക്യൂട്ടറുടെ പുതിയ ഓഫീസ് ഇന്ന്(15.01.2026) വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് ഉദ്ഘാടനം ചെയ്തു. തലശ്ശേരി കോടതി സമുച്ചയത്തിൽ ആണ് വിജിലൻസ് പബ്ലിക്ക് പ്രോസിക്യൂട്ടറുടെ പുതിയ ഓഫീസ് പ്രവർത്തനം ആരംഭിച്ചത്. ഉദ്ഘാടന ചടങ്ങിൽ വിജിലൻസ് ഉത്തരമേഖല ലീഗൽ അഡൈ്വസർ ശ്രീ. ശശി.ഒ സ്വാഗതം ആശംസിച്ചു. തലശ്ശേരി പ്രിൻസിപ്പൽ സെഷൻസ് ജഡ്ജ് ശ്രീ. കെ.ടി നിസാർ അഹമ്മദ് അധ്യക്ഷത വഹിച്ച ചടങ്ങിൽ തലശ്ശേരി വിജിലൻസ് കോടതി ജഡ്ജ് ശ്രീ. കെ.രാമകൃഷ്ണൻ, ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ. ശ്രീ. കെ.വിശ്വൻ, വിജിലൻസ് ഉത്തരമേഖല പോലീസ് സൂപ്രണ്ട് ശ്രീ. പി.എം പ്രദീപ് എന്നിവർ ആശംസ അറിയിച്ച് സംസാരിക്കുകയും, വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. ജിതിൻ.പി നന്ദി അറിയിക്കുകയും ചെയ്തു. ആധുനിക സൗകര്യങ്ങളോടെ പ്രവർത്തനം ആരംഭിച്ച വിജിലൻസ് പബ്ലിക്ക് പ്രോസിക്യൂട്ടറുടെ ഓഫീസ് വിജിലൻസ് കേസുകളുടെ നടത്തിപ്പിലും മറ്റ് ഔദ്യോഗിക നടപടികളിലും കൂടുതൽ കാര്യക്ഷമമയോടെ പ്രവർത്തിക്കാൻ സഹായിക്കുമെന്ന് പുതിയ ഓഫീസിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കവെ വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് പറഞ്ഞു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.